# ACADEMIC MASTER PLAN

## 2025-2026

## S.C.L.P.S KOTTAKKAL MALA

# ആമുഖം

പഴമയുടെ കെട്ടും മട്ടും വിട്ടു മൂന്നു നിലകളിലായി തലയുയർത്തി നിൽക്കുന്ന ഈ സരസ്വതി ക്ഷേത്രം ഈ നാടിന്റെ അഭിമാനമാണ് ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ ആൺകുട്ടികളും പെൺകുട്ടികളും ഇവിടെ വിദ്യ അഭ്യസിക്കുന്നു. 13 ഡിവിഷനുകളായി 562 ഓളം വിദ്യാർത്ഥികൾ ഇന്ന് ഉണ്ട്

നാളിതുവരെ 14 പ്രധാന അധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട് ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സിസ്റ്റർ മേരിസിന്റെ നേതൃത്വത്തിൽ 14 അധ്യാപകർ കർമ്മോത്സുകരായി ആയി ഈ വിദ്യാലയത്തെ നയിക്കുന്നു

പരിപാവനമായ ദേവാലയം, അഴകാർന്ന പൂന്തോട്ടം, വിശാലമായ കളിസ്ഥലം, ശുചിത്വമുള്ള മൂത്രപ്പുരകൾ, ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള പാചകപ്പുര, കുഴൽക്കിണർ തുടങ്ങിയ സൗകര്യങ്ങൾ ഈ വിദ്യാലയത്തിൽ ഉണ്ട്.

# ലഘുചരിത്രം

ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. പഠനത്തോടൊപ്പം പഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ മുന്നിലാണ്.

പൂരങ്ങളുടെ ജന്മഭൂമിയായ കലയുടെ കേളികൊട്ടുയരുന്ന തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്തായി മുകുന്ദപുരം താലൂക്കിൽ മാള ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് സോക്കോർസോ കോൺവെന്റ് എൽ പി സ്കൂൾ ടൗണിൽ നിന്നും കിഴക്കുമാറി കോട്ടക്കൽ എന്ന ഗ്രാമപ്രദേശത്താണ് ഈ വിദ്യാലയം ആരംഭിച്ചത് സിഎംസി സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിലാണ് ഈ സ്കൂളിന്റെ പ്രവർത്തനം.

കുന്നുകളും നെൽ വയലുകളും നിറഞ്ഞ പ്രകൃതിരമണീയമായ സ്ഥലമാണ് ഇവിടം മുതലാളിമാർ, പണി ആളുകൾ, കർഷകത്തൊഴിലാളികൾ, കുടിയാന്മാർ ഇതായിരുന്നു അന്നത്തെ സാമൂഹിക അവസ്ഥ.

കൃഷിയായിരുന്നു പ്രധാന ഉപജീവനമാർഗ്ഗം. സാംസ്കാരികമായി മുൻപന്തിയിൽ നിൽക്കുന്ന ജനസമൂഹമാണ് ഇവിടെയുള്ളത്

പതിമൂന്നാം നൂറ്റാണ്ടിന്റെ കൊടുങ്ങല്ലൂരിൽ ഉണ്ടായ വർഗീയ ലഹളയെ തുടർന്ന് സമ്പന്നരും വ്യാപാരികളുമായി യൂദന്മാർ മാളയിലേക്ക് കുടിയേറി പാർക്കുകയും അന്നത്തെ നാടുവാഴിയായിരുന്ന കോടശ്ശേരി കർത്താവിന്റെ അനുവാദത്തോടെ അങ്ങാടിയിൽ തെരുവും കച്ചവടസ്ഥാപനങ്ങളും നിർമ്മിക്കുകയും ചെയ്തു. അഭയസ്ഥാനം എന്ന് അർത്ഥമുള്ള 'മാളോഹ്' എന്ന പദം ലോപിച്ചാണ് മാള എന്ന പേര് ഉണ്ടായത്. യഹൂദരുടെ കുടിയേറ്റവും മാളക്കടവിന്റെ സാമീപ്യവും കൊച്ചി തുറമുഖ പട്ടണമായി ബന്ധപ്പെടുന്നതിനും മാളയുടെ സാമൂഹികവും സാമ്പത്തിക മണ്ഡലങ്ങളുടെ വികസനത്തിനും വഴിതെളിച്ചു

ആദ്യകാലത്ത് മുസ്ലിം വിഭാഗക്കാരുടെ വിദ്യാഭ്യാസത്തിനായി ഓത്തുപള്ളി ഉണ്ടായിരുന്നു കൂടാതെ കോട്ടയ്ക്കൽ കൊവേന്തയിലെ ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിൽ നിലത്തെഴുത്തു അഭ്യസിപ്പിച്ചിരുന്നു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉയർന്നുവെങ്കിലും കാടുകളും കുന്നുകളും നിറഞ്ഞ കോട്ടക്കൽ പ്രദേശത്തുനിന്നും ടൗണിലേക്കുള്ള യാത്രാക്ലേശം നിമിത്തം പിഞ്ചുകുഞ്ഞുങ്ങൾക്ക് അവിടെ പോയി വിദ്യ അഭ്യസിക്കുക എന്നത് ദുസ്സഹമായി തീർന്നു. ഈ പശ്ചാത്തലത്തിൽ കോട്ടക്കൽ പ്രദേശത്ത് ഒരു വിദ്യാലയം ആരംഭിക്കണമെന്ന് നാട്ടുകാരുടെ ആവശ്യം ശക്തമായി. ഈ അഭിപ്രായം അന്നത്തെ അമ്പഴക്കാട് സെന്റ് ജോസഫ്സ് മഠാധിപ ജെനെറലമ്മആയ ബ. സ് കൊളോസ്റ്റിക്കമ്മയെ അറിയിക്കുകയും തുടർന്ന് മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. മഠത്തിനും സ്കൂളിനും ആവശ്യമായ സ്ഥലം കോട്ടക്കൽ കൊവേന്തയിൽ നിന്ന് 5 ഏക്കർ ദാനം ആയും 4 ഏക്കർ വളരെ കുറഞ്ഞ വിലയ്ക്കും ലഭിച്ചു

1949 ഫെബ്രുവരി നാലാം തീയതി 4 മണിക്ക് നിത്യസഹായ മാതാവിന്റെ (സോക്കോർസോ ) നാമധേയത്തിൽ സ്കൂൾ കെട്ടിടത്തിന് ശിലാസ്ഥാപന കർമ്മം അവിഭക്ത തൃശ്ശൂർ രൂപതയിലെ അന്നത്തെ മെത്രാൻ അഭിവന്ദ്യ മാർ ജോർജ് ആലപ്പാട്ട് തിരുമേനി നിർവഹിച്ചു.

# ഭൗതികസൗകര്യങ്ങൾ

- അടച്ചുറപ്പുള്ള ക്ലാസ് മുറികൾ ഉൾക്കൊള്ളുന്ന കെട്ടിടം.
- ഓഫീസ് റൂം, സ്റ്റാഫ് റൂം
- കമ്പ്യൂട്ടർ ലാബ്
- പ്രൊജക്ടർ സംവിധാനത്തോടുകൂടിയുള്ള ക്ലാസ്സ് മുറികൾ
- ഇന്ററർനെറ്റ്, വൈഫൈ സൗകര്യങ്ങൾ
- സ്മാർട്ട് ക്ലാസ്സ് സൗകര്യത്തോടുകൂടിയ ഹാൾ
- എല്ലാ ക്ലാസ്സ് മുറികളിലും 2 ഫാൻ,ലൈറ്റ്
- പാചകശാല
- വാട്ടർ പ്യൂരിഫയർ
- ടോയ്ലറ്റ് സൗകര്യങ്ങൾ
- കളിസ്ഥലം,കളിയുപകരണങ്ങൾ
- ജൈവ വൈവിധ്യ പാർക്ക്, പച്ചക്കറിതോട്ടം, പൂന്തോട്ടം
- ഡിസ്പ്ലേ ബോർഡ്,ചുമർ ബോർഡ്, നോട്ടീസ് ബോർഡ്
- കുഴൽ കിണർ
- മഴവെള്ള സംഭരണി
- സോളാർ
- സ്റ്റേജ്

## പാഠ്യേതര പ്രവർത്തനങ്ങൾ

എസ് ആർ ജി യോഗങ്ങളും സ്റ്റാഫ് മീറ്റിങ്ങുകളും അധ്യാപകർക്ക് പഠന പ്രവർത്തനങ്ങൾ നല്ല രീതിയിൽ ആസൂത്രണം ചെയ്യുന്നതിന് സഹായകമാകുന്നു അവധിക്കാല പരിശീലന പരിപാടികളിലും ക്ലസ്റ്റർ യോഗങ്ങളിലും അധ്യാപകർ പങ്കെടുക്കുകയും മാറ്റങ്ങൾ ഉൾക്കൊണ്ട് ക്ലാസ് റൂം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു സിഎംസി എജുക്കേഷൻ നേതൃത്വത്തിൽ അധ്യാപകർക്കായി ക്ലാസുകൾ നടത്തുന്നു വർഷത്തിലൊരിക്കൽ രൂപതാ തലത്തിൽ അധ്യാപകർക്ക് മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ നൽകുന്നു

## <u>മികവ്</u>

# LSS SCHOLARSHIP -2024-25

# HISTORIC VICTORY

# 27 STARS

# S C L P S KOTTAKKAL MALA



## Mission

To discover the Intellectual , Mental , Spiritual and Physical performance of children and enable them to have a mature outlook on Life

## മിഷൻ

കുട്ടികളുടെ ബൗദ്ധികവും മാനസികവും ആത്മീയവും ശാരീരികവുമായ സിദ്ധികളെ കണ്ടെത്തി പക്വമായ ജീവിതവീക്ഷണം സാധ്യമാക്കുക.

## Vission

To enable a comprehensive formation to inform the generation with faith in God and ambition. Make Children aware of welfare State structure which ensures good for individual and society

## വിഷൻ

ഈശ്വരവിശ്വാസവും ലക്ഷ്യബോധവുമുള്ള തലമുറയെ വാർത്തെടുക്കുവാൻ തക്കവിധം സമഗ്രമായ രൂപീകരണം സാധ്യമാക്കുക. വ്യക്തിക്കും സമൂഹത്തിനും നന്മ ഉറപ്പുവരുത്തുന്ന ക്ഷേമരാഷ്ട്ര നിർമ്മിതിക്ക് കുട്ടികളെ സജ്ജരാക്കുക.

# തനതു പ്രവർത്തനം 2025-26

തൂവൽസ്പർശം(അക്ഷരം ഉറപ്പിക്കൽ)

തേന്മൊഴി (വായന ഉറപ്പിക്കൽ)

കുഞ്ഞുമിത്രം(ഗണിത ആശയങ്ങൾ ഉറപ്പിക്കൽ)

CHILD CITY (ഇംഗ്ലീഷ് പദാവലി സമ്പാദിക്കുക)

## മലയാള ഭാഷ (Std IV)

| | | | | |
|---|---|---|---|---|
| മധുരം മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ. | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം (Std IV)

| | | | | |
|---|---|---|---|---|
| പ്രകൃതി നടത്തം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമൂല | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസസശ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG | PTA |

# ACADEMIC MASTER PLAN - STD IV ENGLISH

| Activity | Aim | Duration | Responsibility | Financ |
|---|---|---|---|---|
| Creates an English atmosphere. Speak simple English sentences frequently | To encourage active listening and speaking skills | From June to March | Class Teacher | |
| Read and rejoice tells simple English Stories with proper actions and voice modulations. Gives more stories having great values like brave, unity, kindness, honesty etc for reading. | To develop a love for reading and literature | Once in a week | English Teacher | |
| New words are introducing through pictures and appropriate sentences in different context to get | To expand vocabulary for improved communication and comprehension | From June to March | Class Teacher | SSA |
| It's meaning students have to keep them in notebooks as my English world | | June to March | English Teacher | SSA |
| Notice – Exhibits model notices. Leads to discussion and prepare school notices about major activities | To develop an active writing skill | June last week | English Teacher | PTA |
| Riddles- Teacher asks some riddles, eliciting peculiarities of a riddle and gives 'riddles making as a group work. | To develop an English atmosphere that the children are engaging | Sargavela periods | Class Teacher | SSA |
| Speech bubbles giving chances for filling speech, bubbles eg.Isaac and Dilna give more chances in the next coming units also | Ensure fluency in writing | From June 3rd week onwards | English Teacher | SSA |
| Description – Gives different videos to prepare a description | Ensure fluency in writing | From July to March | English Teacher | PTA |

Std III

| MONTH | ACTIVITIES | IN-CHARGE |
|---|---|---|
| June and July | Pre-test<br>To develop listening skills and reading skills<br>Listening skills - action song games<br>Hello English activities conversations<br>Skit stories<br>use ICT<br><br>Speaking skills<br><br>-Identify the naming words from the picture<br>-Identify the action words from the picture<br>-Make the simple sentences using the word about picture<br>-Make simple description about the picture<br>-Growing sentences picture reading self introductions | Teachers<br>parents<br>students |
| August and September | Develop the creative speaking and writing<br><br>*Reading skills<br><br>Books reading<br>find words<br>rhyming words<br>TB activities<br>*Writing skills<br><br>Make word Web<br>picture description<br>word chain<br>make words and sentences<br>make riddles conversations<br>Add more lines | Teachers<br><br>students |
| October and November | To express thoughts feelings etc<br>*Reading skills | Teachers<br><br>students |

| | | |
|---|---|---|
| | Library book reading<br>conversations, skit, stories,<br>use ICT<br>Read notice<br>develop story<br>*Writing skills<br>Description<br>thoughts | |
| December and January | Develop the creative speaking and writing<br><br>*Reading skills<br>-Library books reading<br>-Develop story reads diary<br><br>*Writing skills<br><br>-Diary<br>-Announcement | Teachers<br><br>students |
| February and March | To improve the presentation power<br><br>*Reading skills<br>-Library books reading<br>-Develop story<br>-Conversations skit stories<br><br>*Writing skills<br><br>-Diary<br>-description<br>- thoughts<br>- exhibition | Teachers<br><br>students |
| | | |
| | | |
| | | |
| | | |
| | | |

വിഷയം: പരിസര പഠനം ക്ലാസ് : 3

ലക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| Sl O | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **ഞാനും എൻറെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം ;സ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

ലക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>- നട്ട വൃക്ഷതൈ പരിപാലിക്കൽ. | ജൂൺ |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം: 4

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | [illegible] | [illegible] |

# ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട്ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ചുറ്റുപാടുമുള്ള വിവിധ ദ്വിമാന /ത്രി മാനരൂപങ്ങൾകണ്ടെത്തുന്നു.
വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.
ദ്വിമാന / ത്രിമാനരൂപങ്ങൾ വരച്ച് കളർ കൊടുക്കുന്നു.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.

# നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതു് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാഠഭാഗം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി      ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന,  നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം ഇടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം  സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കാം
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള [illegible] ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

SCLPS KOTTAKKAL MALA

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

(اللغة العربية) - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ / സാമ്പത്തി |
|---|---|---|---|---|
| അറബി അക്ഷരങ്ങളു ഉച്ചാര ണം, എഴുത്തുരൂപങ്ങളി ലെ വ്യ ത്യാസങ്ങൾ എന്നിവ മനസ്സിലാ ക്കി വായിക്കാനും എഴുതാനു മുള്ള കഴിവ് ആർജിക്കൽ. | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ ക ഴിയാത്ത കുട്ടികളെ കെ ത്തി പ്രത്യേക പരി ശീലനത്തിലൂടെ ഉയർത്തി ക്കൊു വരും. അക്ഷര കാർ ഡുകൾ ഐ.സി.ടി ഉപയോഗിച്ചുള്ള വിവിധ ഗയിമുക ൾ തുടങ്ങിയവയും ഉപയോഗിക്കും | ജൂൺ ജൂലൈ ആഗസ്റ്റ് | പുസ്തകങ്ങൾ കാർഡുകൾ | എസ്.ആർ. ജി |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്ത കങ്ങളിലുള്ള വാക്കുകൾക്കും പദങ്ങ ൾക്കും പുറമെ പുതിയ പദങ്ങൾ ശേഖരി ക്കാൻ സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പ രിശീലിപ്പിക്കുകയും മാത്സര്യ ബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു. കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തു ന്നവർക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | കഥാ കവിതാ പുസ്തകങ്ങൾ | എസ്.ആർ. ജി |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുക ൾ തുടങ്ങിയവ മനസ്സിലാക്കുക | പാഠപുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തക ങ്ങളിൽ നിന്നും കെ ത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തക ങ്ങളും ലഭ്യമാകു ന്ന മറ്റു പുസ്ത കങ്ങളും | എസ്.ആർ. ജി |
| ഭാഷാ ആഭിമുഖ്യം, വായനാ താൽപര്യം, പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ | വായനാമത്സരം സംഘടിപ്പിക്കുന്നു പൊതുവി ജ്ഞാനം അറബി ഭാഷാ സംബന്ധമായ വിവര ങ്ങൾ തുടങ്ങിയവ ഉൽപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമായുള്ള ലളിതമായ ചോദ്യങ്ങ ളുൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പി ക്കും. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്ത കങ്ങൾ സ്കൂൾ തല ത്തിൽ തയ്യാറാ ക്കുന്ന മാതൃകാ ചോദ്യങ്ങൾ | എസ്.ആർ. ജി |

| | | | | |
|---|---|---|---|---|
| അറബി ഭാഷാ വിനിമയശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബിഭാഷയുമാ യി നേർക്കുനേരെ ബന്ധമുള്ള പദനിർമാ ണം, അഭിനയഗാനം, കഥ പറയൽ, അറബിഗാനം തുടങ്ങിയ മത്സരപരിശീലനത്തി ലൂടെയുള്ള പ്രവർത്തനം | ജൂൺ മുതൽ മാർച്ച് വരെ | മാതൃകാ മത്സര സഹായികൾ രൂ പപ്പെടുത്തി പ്ര സിദ്ധീകരിക്കും. | എസ്.ആർ. ജി |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ, കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറ ബിയിലുള്ള പ്ലക്കാർഡുകൾ ഉാ ക്കുകയും തത്സംബന്ധമായ ക്വിസ് മത്സരം സംഘടിപ്പിക്കു കയും ചെയ്യും. പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകും. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ക്ലബ്ബി ന്റെ ആഭിമുഖ്യ ത്തിൽ ചാർട്ടുക ളുടെയും പ്ല ക്കാർഡുകളു ടെയും നിർ മാണം. | എസ്.ആർ. ജി |
| അറബി ഭാഷാ പഠനത്തിൽ ഐ.റ്റി സാധ്യത ഉപയോഗപ്പെ ടുത്താനുള്ള പ്രാഥമിക ഘട്ടത്തി ന് തുടക്കം കുറിക്കൽ | അറബിക് ലാഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, അറബിയിലുള്ള ബാല സാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | സ്കൂളിലെ ഐ.റ്റി സൗ കര്യം, ഇന്റർനെ റ്റ് സൗകര്യം ഉപ യോഗപ്പെടു ത്തും. | എസ്.ആർ. ജി |